<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2407</u> <u>12-10-2021 - ൽ മറുപടിയ്ക്ക്</u>

<u>ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോവുന്ന ഹിൽ ഹൈവെ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോവുന്ന ഹിൽ ഹൈവെയുടെ പടിക്കൽ വയൽ മുതൽ തലയാട് വരെയുള്ള 7.5 കി.മീറ്റർ വെയിറ്റേജിന് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രൊപ്പോസൽ കിഫ്ബിയിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന മലയോര ഹൈവേയുടെ തലയാട് മുതൽ മലപ്പുറം കോടഞ്ചേരി വരെ 18 km ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്നുള്ള പരിശോധനയിൽ മലയോര ഹൈവേക്ക് നിർണ്ണയിക്കപ്പെട്ട നിശ്ചിത വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ, നിലവിൽ തലയാട് (പടിക്കൽ വയൽ) മുതൽ 21/6 മൈൽ വരെ 9.99 km നു 12/02/2020 ൽ കിഫ്ബി 48.75 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ കക്കയം ഡാം സൈറ്റിലേക്ക് പോവുന്ന പ്രധാന റോഡിന്റെ ഭാഗമായ പ്രസ്തുത ഹിൽ ഹൈവെയുടെ 7.5 കി. മീറ്റർ ഭാഗം അടിയന്തര പരിഗണന നൽകി അനുമതി നൽകാൻ തയ്യാറാവുമോ? | (ബി) | മലയോര ഹൈവേയുടെ ഭാഗമായി രണ്ടു പ്രൊജെക്ടുകൾ ആണ് നിലവിൽ ഈ ഭാഗത്തു ഉള്ളത്. ഒന്ന് തലയാട് മുതൽ മലപ്പുറം കോടഞ്ചേരി വരെ 18 km ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്നുള്ള പരിശോധനയിൽ മലയോര ഹൈവേക്ക് നിർണ്ണയിക്കപ്പെട്ട നിശ്ചിത വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ, നിലവിൽ തലയാട് (പടിക്കൽ വയൽ) മുതൽ 21/6 മൈൽ (മലപ്പുറം) വരെ 9.99 km നു 12/02/2020 ൽ ആണ് 48.75 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ളത്. മറ്റൊരു പദ്ധതി തൊട്ടിൽപ്പാലം മുതൽ തലയാട് വരെ ആണ് (28th മൈൽ to തലയാട്). ടി പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് (DPR) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും, ടി വിശദ പഠന റിപ്പോർട്ട് പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് 24/09/2021 ൽ പ്രസ്തുത SPV ക്ക് നല്കിയിട്ടുള്ളതുമാകുന്നു. ടി സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ DPR, SPV സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി പ്രസ്തുത പദ്ധതിക്ക് |

| | | | |
|---|---|---|---|
| | | | ധനാനുമതി നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ